ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 09.06.2024 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ എൻഡിഎ യുടെ പുതിയ സർക്കാർ, കേന്ദ്രത്തിൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്യ്  അധികാരമേൽക്കും.

   The new Government of NDA, led by Prime Minister Narendra Modi, will be sworn in today.

2. കോൺഗ്രസ് പാർലമെൻററി പാർട്ടി നേതാവായി സോണിയഗാന്ധിയെ വീണ്ടും തിരഞ്ഞെടുത്തു.

   Sonia Gandhi Re-Elected As Congress Parliamentary Party Chairperson.

3. അടുത്ത നാല് ദിവസങ്ങളിൽ ഇന്ത്യയുടെ കിഴക്കൻ-മധ്യ ഭാഗങ്ങളിൽ ഉഷ്ണ തരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരളത്തിൽ ശക്തമായ മഴ തുടരും; ഇന്ന് അർദ്ധരാത്രി മുതൽ ട്രോളിങ് നിരോധനം.

   The Central Meteorological Department says that the heat wave will continue over the east-central parts of India for the next four days; Heavy rain will continue in Kerala; Ban on trawling from midnight today.

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നാളെ ആരംഭിക്കും.

   The 11th session of the 15th Kerala Legislative Assembly to begin tomorrow.

5. ട്വൻറി - 20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം; ¬ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനൽ മത്സരവും ഇന്ന്.

   India vs Pakistan match today in Twenty 20 Men's World Cup Cricket; French Open Tennis Men's Singles Final is also today.

&&&&&&&&&&&&&&&&&&

## HEADLINE – 1

## PM- SWEARING-IN CEREMONY (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ എൻഡിഎ യുടെ പുതിയ സർക്കാർ കേന്ദ്രത്തിൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. രാഷ്ട്രപതി ഭവനിൽ വൈകിട്ട് 7.15-ന് നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുക്കും.

വിശദാംശങ്ങളിലേക്ക്....

**(വോയ്സ്)**

കേന്ദ്രത്തിൽ പുതിയ മന്ത്രിസഭ അധികാരമേൽക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങുകൾക്ക് രാഷ്ട്രപതി ഭവനിൽ ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്. ഇന്ത്യയുടെ അയൽരാജ്യങ്ങളിലെയും ഇന്ത്യൻ മഹാസമുദ്ര മേഖലയിൽപെട്ട മറ്റ് രാജ്യങ്ങളിലെയും രാഷ്ട്രതലവന്മാർ ഉൾപ്പെടെയുള്ള നേതാക്കൾ ചടങ്ങിൽ വിശിഷ്ടാതിഥികളാകും. ശ്രീലങ്കൻ പ്രസിഡൻറ് റനിൽ വിക്രമസിംഗെ, മാലിദ്വീപ് പ്രസിഡൻറ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡൻറ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ തുടങ്ങിയവരാണ് സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്ന പ്രമുഖ വിദേശനേതാക്കൾ. തുടർന്ന് രാഷ്ട്രപതി ഭവനിൽ പ്രസിഡൻറ് ദ്രൗപദി മുർമു സംഘടിപ്പിക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കും. വെള്ളിയാഴ്ചയാണ് ശ്രീ നരേന്ദ്രമോദി രാഷ്ട്രപതിയെ കണ്ട് സർക്കാർ രൂപീകരണത്തിന് അവകാശവാദം ഉന്നയിച്ചത്. നേരത്തെ ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡയുടെ നേതൃത്വത്തിൽ രാഷ്ട്രപതിയെ കാണുകയും ബിജെപി പാർലമെൻ്ററി പാർട്ടി നേതാവായി തിരഞ്ഞെടുത്തതായി അറിയിക്കുകയും ചെയ്തിരുന്നു. എൻഡിഎ ഘടകകക്ഷികളുടെ പിന്തുണ അറിയിച്ചുള്ള കത്തും രാഷ്ട്രപതിക്ക് കൈമാറിയിരുന്നു.

**ന്യൂസ്ഡെസ്ക് ആകാശവാണി..........**

&&&&&&&&&&&&&&&&&&

## DELHI - SECURITY

സത്യപ്രതിജ്ഞാ ചടങ്ങിൻറെ പശ്ചാത്തലത്തിൽ രാജ്യ തലസ്ഥാനത്ത് കനത്ത സുരക്ഷ ഏർപ്പെടുത്തി. വിദേശ രാഷ്ട്രത്തലവന്മാരും പ്രതിനിധികളും പങ്കെടുക്കുന്നതിനാൽ ത്രിതല സുരക്ഷാ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. നഗരത്തിൽ പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാംഗ് ഗ്ലൈഡറുകൾ, ഡ്രോണുകൾ, ഹോട്ട് എയർ ബലൂണുകൾ എന്നിവ പറത്തുന്നത് ഡൽഹി പോലീസ് നിരോധിച്ചു. ഇന്നും നാളെയും ഈ നിരോധനം തുടരും. വിവിധ റോഡുകളിൽ ഇന്ന് ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## AKASHVANI SWEARING IN BROADCAST

സത്യപ്രതിജ്ഞാച്ചടങ്ങ് ആകാശവാണി ഡൽഹി നിലയം രാഷ്ട്രപതി ഭവനിൽ നിന്ന് തത്സമയം പ്രക്ഷേപണം ചെയ്യും . ചടങ്ങിന്റെ നേരിട്ടുള്ള പ്രക്ഷേപണം വൈകിട്ട് 6:45 മുതൽ എഫ്എം ഗോൾഡ്, ഇന്ദ്രപ്രസ്ഥ, ആകാശവാണി ലൈവ് ന്യൂസ് ചാനലുകളിൽ കേൾക്കാം. ഈ പ്രക്ഷേപണം ആകാശവാണിയുടെ യുട്യൂബ് ചാനലായ ആകാശവാണി എഐആറിലും തത്സമയം കാണാം. തിരുവനന്തപുരം, അഹമ്മദാബാദ്, ബംഗളൂരു, ചെന്നൈ, കട്ടക്ക്, ഗുവാഹത്തി, ഹൈദരാബാദ്, ഇംഫാൽ, കൊൽക്കത്ത, മുംബൈ, എന്നിവിടങ്ങളിലെ ആകാശവാണി സ്റ്റേഷനുകൾ പ്രാദേശിക ഭാഷകളിൽ വിവരണം പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&&

## MEA-CONGRATULATION MESSAGES

ലോക്സഭാ തെരഞ്ഞെടുപ്പിലെ വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് അഭിനന്ദനം അറിയിച്ച ഒമാൻ, സൗദി അറേബ്യ ഉൾപ്പെടെയുള്ള മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെ നേതാക്കൾക്ക് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ നന്ദി പറഞ്ഞു. സൗദി അറേബ്യയുടെ കിരീടാവകാശി മുഹമ്മദ് ബിൻ

സൽമാൻ അൽ സൗദ്, ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖ്, എന്നിവരെയെയാണ് വിദേശകാര്യ മന്ത്രാലയ വക്താവ് നന്ദി അറിയിച്ചത്. സൗദി-ഒമാൻ സർക്കാരുകളുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് കൂട്ടിച്ചേർത്തു. തിരഞ്ഞെടുപ്പിലെ വിജയത്തിൽ ശ്രീ നരേന്ദ്ര മോദിയെ അഭിനന്ദിച്ചതിന് ചൈനീസ് വിദേശകാര്യ മന്ത്രാലയത്തിനും രൺധീർ ജയ്സ്വാൾ നന്ദി പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സാധാരണ നിലയിലാക്കാൻ ഇന്ത്യ പരിശ്രമം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE – 2

### CONGRESS PARLIAMENTARY PARTY

കോൺഗ്രസ് പാർലമെൻററി പാർട്ടി നേതാവായി സോണിയഗാന്ധി എം.പി യെ വീണ്ടും തിരഞ്ഞെടുത്തു. ഇന്നലെ വൈകുന്നേരം ചേർന്ന പാർലമെന്ററി പാർട്ടി യോഗത്തിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയാണ് സോണിയാഗാന്ധിയുടെ പേര് നിർദ്ദേശിച്ചത്. സോണിയഗാന്ധി ഇത്തവണ രാജസ്ഥാനിൽ നിന്നാണ് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

&&&&&&&&&&&&&&&&&&

## HEADLINE – 3

### IMD-WEATHER

അടുത്ത നാല് ദിവസങ്ങളിൽ ഇന്ത്യയുടെ കിഴക്കൻ-മധ്യ ഭാഗങ്ങളിൽ ഉഷ്ണ തരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഝാർഖണ്ഡ്, ബീഹാർ, പശ്ചിമ ബംഗാൾ, ഒഡീഷ, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ ഈ മാസം 12 വരെ ഉഷ്ണതരംഗം ഉണ്ടാകുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ത്യയുടെ കിഴക്കൻ ഭാഗങ്ങളിൽ നാളെ വരെ പരമാവധി താപനില രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെയും അടുത്ത നാല്

ദിവസങ്ങളിൽ ഇന്ത്യയുടെ വടക്കു-പടിഞ്ഞാറൻ ഭാഗങ്ങളിൽ 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെയും ഉയരുമെന്ന് മുന്നറിയിപ്പുണ്ട്. അതേസമയം അടുത്ത അഞ്ച് ദിവസങ്ങളിൽ വടക്കുകിഴക്കൻ ഇന്ത്യ, പശ്ചിമ ബംഗാൾ, ബിഹാർ, ഝാർഖണ്ഡ്, ഒഡീഷ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ ഇടിമിന്നലോടും ശക്തമായ കാറ്റോടും കൂടിയ നേരിയതോ മിതമായതോ ആയ മഴ പെയ്യുമെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു. അടുത്ത 4 ദിവസങ്ങളിൽ ഗോവ, മഹാരാഷ്ട്ര, കർണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ മഴ ശക്തമാകുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ജമ്മു കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവയുൾപ്പെടെ ഉത്തരേന്ത്യയിലും മഴ ശക്തമാകും.

&&&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപകമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തെക്കൻ മഹാരാഷ്ട്ര മുതൽ വടക്കൻ കേരള തീരത്തിന് സമീപം വരെ ന്യുന മർദ്ദ പാത്തി രൂപപ്പെട്ടതിന്റെ സ്വാധീനത്താലാണിത്. കേരള, തമിഴ്നാട് തീരങ്ങളിൽ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

## TRAWLING

കേരളത്തിൽ ഇന്ന് അർദ്ധരാത്രി മുതൽട്രോളിങ് നിരോധനം.

ആഴക്കടൽ മത്സ്യബന്ധനത്തിന് 51 ദിവസത്തെ അവധിനൽകുന്ന ട്രോളിങ് നിരോധനം അടുത്തമാസം 31-ന് അവസാനിക്കും. ഇതരസംസ്ഥാന മത്സ്യബന്ധനയാനങ്ങളെല്ലാം തീരം

വിട്ടുപോകണമെന്ന് അധികൃതർ നിർദേശിച്ചു. ആഴക്കടലിൽ മത്സ്യബന്ധനത്തിന് പോയിരുന്ന ബോട്ടുകളിൽ ഭൂരിഭാഗവും ഇന്നലെ മടങ്ങിയെത്തി. ട്രോളിങ് കാലയളവിൽ മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകും. തീരദേശം ഉൾപ്പെടുന്ന ജില്ലകളിൽ 24 മണിക്കൂറും ഫിഷറീസ് കൺട്രോൾ റൂമുകൾ പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&&

## HEADLINE – 4

### NIYAMA SABHA SAMMELANAM

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നാളെ ആരംഭിക്കും. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് സമ്മേളനത്തിൽ പ്രഥമപരിഗണന. ഈ മാസം 11 മുതൽ അടുത്ത മാസം 8 വരെ 13 ദിവസം ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസ്സാക്കും. 2024-ലെ കേരള പഞ്ചായത്ത് രാജ് രണ്ടാം ഭേദഗതി ബിൽ, കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബിൽ എന്നിവ സമ്മേളനത്തിൽ അവതരിപ്പിക്കും. ആകെ 28 ദിവസമാണ് സഭാ സമ്മേളനം ചേരുന്നത്. നടപടിക്രമങ്ങൾ പൂർത്തികരിച്ച് ജൂലൈ 25-ാം തീയതി സമ്മേളനം അവസാനിപ്പിക്കുന്ന രീതിയിലാണ് നിലവിൽ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&&

## HEADLINE – 5

### T20 CRICKET WORLD CUP (INTRO)

ട്വന്റി - 20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. രാത്രി 8 മണിക്ക് ന്യൂയോർക്കിലാണ് മത്സരം. ആദ്യ മത്സരത്തിൽ അമേരിക്കയോട് പരാജയപ്പെട്ട പാകിസ്ഥാന് ഇത് നിർണ്ണായക മത്സരമാണ്. വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

ഇന്ത്യ, അമേരിക്ക, കാനഡ, പാകിസ്ഥാൻ, അയർലണ്ട് എന്നീ ടീമുകൾ ഉൾപ്പെട്ട ഗ്രൂപ്പ് എ യിൽ നിലവിൽ അമേരിക്കയാണ് ഒന്നാമത്. പട്ടികയിൽ ഇന്ത്യ രണ്ടാമതും പാകിസ്ഥാൻ നാലാമതുമാണ്. സൂപ്പർ എട്ടിലേക്ക് മുന്നേറണമെങ്കിൽ ഇന്ത്യയുമായുള്ള മത്സരത്തിൽ പാകിസ്ഥാന് ഇന്ന് ഉജ്ജ്വല പ്രകടനം കാഴ്ച വെക്കേണ്ടി വരും. രാത്രി പത്തരയ്ക്ക് നടക്കുന്ന ഗ്രൂപ്പ് ബി മത്സരത്തിൽ ഒമാൻ സ്കോട്ലൻഡിനെ നേരിടും. ഗ്രൂപ്പ് സി യിൽ വെസ്റ്റ് ഇൻഡീസ് - ഉഗാണ്ട മത്സരം ഇപ്പോൾ പുരോഗമിക്കുകയാണ്. ടോസ് നേടിയ വെസ്റ്റ് ഇൻഡീസ് ബാറ്റിംഗ് തിരഞ്ഞെടുത്തു. ഇന്നലെ നടന്ന മത്സരങ്ങളിൽ ഓസ്ട്രേലിയ - ഇംഗ്ലണ്ടിനെയും ദക്ഷിണാഫ്രിക്ക നെതർലൻഡ്സിനെയും പരാജയപ്പെടുത്തി. ഓസ്ട്രേലിയ നേടിയ 201 എന്ന സ്കോർ മറികടക്കാനിറങ്ങിയ ഇംഗ്ലണ്ടിന് നിശ്ചിത ഓവറിൽ ആറു വിക്കറ്റ് നഷ്ടത്തിൽ 165 റൺ എടുക്കാനെ കഴിഞ്ഞുള്ളു. അതേസമയം നെതർലൻഡ്സിനെതിരെ ടോസ് നേടി ബോളിങ് തിരഞ്ഞെടുത്ത ദക്ഷിണാഫ്രിക്ക നാലു വിക്കറ്റിനാണ് വിജയിച്ചത്. നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ നെതർലൻഡ്സ് ഉയർത്തിയ 104 റൺ വിജയലക്ഷ്യം ദക്ഷിണാഫ്രിക്ക 18.5 ഓവറിൽ മറികടന്നു. **ന്യൂസ്ഡെസ്ക് ആകാശവാണി.......**

**&&&&&&&&&&&&&&&&&&**

## FRENCH OPEN TENNIS

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൻറെ പുരുഷ സിംഗിൾസ് ഫൈനലിൽ സ്പാനിഷ് താരം കാർലോസ് അൽക്കാരസ്സും ജർമനിയുടെ അലക്സാണ്ടർ സ്വെരേവും ഏറ്റുമുട്ടും. റോളണ്ട് ഗാരോസിൽ ഇന്ന് വൈകിട്ട് ആറിനാണ് മത്സരം. ഇന്നലെ നടന്ന വനിതാ സിംഗിൾസിൻറെ കലാശക്കളിയിൽ ലോക ഒന്നാം നമ്പർ താരം പോളണ്ടിൻറെ ഇഗ സ്വിയാടെക് കിരീടം ചൂടി. ഇറ്റാലിയൻ തരാം ജാസ്മിൻ പാവോലിനിയെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപ്പിച്ചാണ് ഇഗ തൻറെ കരിയറിലെ നാലാം ഫ്രഞ്ച് ഓപ്പൺ കിരീടം സ്വന്തമാക്കിയത്.

**&&&&&&&&&&&&&&&&&&**

## WRESTLING

ഹംഗറിയിലെ ബുഡാപെസ്റ്റിൽ നടന്ന 2024 ഗുസ്തി ടൂർണമെന്റിൽ വനിതകളുടെ 76 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ താരം റീതിക ഹൂഡ വെള്ളി മെഡൽ നേടി. ബുഡാപെസ്റ്റ് ഗുസ്തി റാങ്കിംഗ് പരമ്പരയിൽ ഇന്ത്യയുടെ നാലാമത്തെ മെഡലാണിത്. പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈലിൽ അമൻ സെഹ്രാവത് ,സ്ത്രീകളുടെ 53 കിലോഗ്രാമിൽ ആൻ്റിം പംഗൽ , 57 കിലോഗ്രാം ഭാരോദ്വഹനത്തിൽ അൻഷു മാലിക് എന്നിവരും വെള്ളിമെഡൽ നേടി.

**&&&&&&&&&&&&&&&&&&**

## ISRAEL – GAZA

ഗസയിലെ ഇസ്രായേൽ ആക്രമണത്തിൻ്റെ പ്രത്യാഘാതങ്ങൾ യുഎൻ രക്ഷാസമിതിയുടെ അടിയന്തര സമ്മേളനത്തിൽ ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കാൻ പലസ്തീൻ പ്രസിഡൻ്റ് മഹ്മൂദ് അബ്ബാസ് യുഎന്നിലെ പലസ്തീൻ പ്രതിനിധിക്ക് നിർദ്ദേശം നൽകിയതായി റിപ്പോർട്ട്. ശനിയാഴ്ച, സെൻട്രൽ ഗാസയിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ 210 പലസ്തീനികൾ കൊല്ലപ്പെടുകയും 400 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി സിൻഹുവ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

**&&&&&&&&&&&&&&&&&&**

## COLOMBIA-COAL EXPORT

ഇസ്രായേലിലേക്കുള്ള കൽക്കരി കയറ്റുമതി നിർത്തിവയ്ക്കുമെന്ന് കൊളംബിയൻ പ്രസിഡൻ്റ് ഗുസ്താവോ പെട്രോ പ്രഖ്യാപിച്ചു. ഗാസ മുനമ്പിൽ നിന്ന് ഇസ്രായേൽ സൈന്യത്തെ പിൻവലിക്കണമെന്ന അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ഉത്തരവ് ഇസ്രായേൽ പാലിച്ചാൽ മാത്രമേ കൽക്കരി കയറ്റുമതി പുനരാരംഭിക്കൂ എന്നും അദ്ദേഹം വ്യക്തമാക്കി.

*

*********************

*******************************************************